Page 1 of 2

ഉണ്ട്; കാട്ടാക്കട താലൂക്ക് കേന്ദ്രമാക്കി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച്, പ്രവൃത്തി പഠനത്തിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ജീവനക്കാർ-വ്യവസായ വകുപ്പ്**

144(414) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ 45 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

(ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ആകെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനത്തിന്റെ ഓഡിറ്റ്**

145(415) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും ഓഡിറ്റ് എന്നുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റ് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധം 1*ആയി ചേർക്കുന്നു.

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷം വരെയുള്ള കണക്കുകൾ പ്രകാരം ഓരോ വർഷത്തെയും വരുമാനം (ടോട്ടൽ റവന്യൂ) എത്രയെന്നും ചെലവ് (ടോട്ടൽ എക്സ്പെൻഡിച്ചർ) എത്രയെന്നും പ്രവർത്തന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലാഭവും/പ്രവർത്തന നഷ്ടവും എത്രയെന്നും (പ്രോഫിറ്റ് /ലോസ് ബിഫോർ എക്സ്സെപ്ഷണൽ ആൻഡ് എക്സ്ട്രാ ഓർഡിനറി ഐറ്റംസ് ആൻഡ് ടാക്സ് ഓർ ഓപ്പറേറ്റിംഗ് പ്രോഫിറ്റ്/ലോസ്) വ്യക്തമാക്കാമോ;

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷം വരെയുള്ള കണക്കുകൾ പ്രകാരം ഓരോ വർഷത്തെയും ലാഭത്തിന്റെയും നഷ്ടത്തിന്റെയും (പ്രോഫിറ്റ്/ലോസ്) വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും 2015-16 മുതൽ 2020-21 വരെയുള്ള ഓരോ വർഷത്തെയും വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷങ്ങൾ വരെയുള്ള ഓരോ വർഷങ്ങളിലെയും വരുമാനം, വിറ്റുവരവ്, ചെലവ്, പ്രവർത്തന ലാഭം/നഷ്ടം, അറ്റലാഭം/നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

**നിർമ്മാണ വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റം**

146(416) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കൾക്കുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരിയുടേയും അതിനോടനുബന്ധിച്ചുള്ള ലോക്ക്ഡൗണും കാരണം സ്തംഭിച്ചുപോയിട്ടുള്ള നിർമ്മാണ മേഖലയ്ക്ക് ആശ്വാസമാകുന്ന തീരുമാനങ്ങൾ സർക്കാർ സ്വീകരിക്കുമോ;

(സി) 60 ശതമാനത്തിലധികം വില വർദ്ധിപ്പിച്ചിട്ടുള്ള അവശ്യ വസ്തുക്കളായ കമ്പി, സിമന്റ്, പി.വി.സി-ഇരുമ്പ് പൈപ്പുകൾ എന്നിവയുടെ വില കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നത് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.